**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6484** **10-11-2021 - ൽ മറുപടിയ്ക്ക്**

**പ്രളയം മൂലം തകർന്ന റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പ്രളയം മൂലം തകർന്ന റോഡുകളുടെ പ്രവൃത്തികൾ സുഗമമായി പൂർത്തികരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (എ) | പ്രളയമുൾപ്പെടെയുള്ള അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശനഷ്ടം സംഭവിക്കുന്ന റോഡുകളുടെ അടിയന്തിര പുനരുദ്ധാരണവുമായി ബന്ധപ്പെട്ട കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് കിലോ മീറ്ററിന് അറുപതിനായിരം രൂപയും മേജർ ജില്ലാ റോഡുകൾക്കും സംസ്ഥാന പാതകൾക്കും കിലോ മീറ്ററിന് ഒരു ലക്ഷം രൂപയും മാത്രമാണ് അനുവദനീയം. എന്നാൽ ഇത്തരം റോഡുകളുടെ പുനരുദ്ധാരണത്തിന് ദുരന്ത പ്രതികരണ നിധിയിൽ നിന്നും സംസ്ഥാനത്ത് നിലവിൽ പത്ത് ലക്ഷം രൂപ വരെ അനുവദിക്കുന്നുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ടുള്ള റോഡുകളുടെ പുനരുദ്ധാരണം ത്വരിതപ്പെടുത്തുന്നതിനായി 2018-19 സാമ്പത്തിക വർഷം മുതൽ ഭരണാനുമതി നൽകിവരുന്ന പ്രവൃത്തികളുടെ ഭരണാനുമതി കാലാവധി ഒന്നര വർഷമായി നിജപ്പെടുത്തുകയും ഭരണാനുമതി ഉത്തരവിന്റെ തീയതി മുതൽ ആറു മാസത്തിനകം കരാർ വയ്ക്കണമെന്ന നിബന്ധന ഏർപ്പെടുത്തുകയും ചെയ്തു. പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പ്രവൃത്തികൾ മോണിറ്റർ ചെയ്യുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒഴിവാക്കാനാകാത്ത കാരണങ്ങളാൽ തുടർനടപടി സ്വീകരിക്കാൻ സാധിക്കാതെ ഭരണാനുമതി നഷ്ടപ്പെടുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി പുതുക്കി ലഭിക്കുന്നതിന് ജില്ലാ കളക്ടർമാർ സമർപ്പിക്കുന്ന അപേക്ഷകൾ പ്രത്യേകം പരിഗണിച്ച് അനുവദനീയമായവയ്ക്ക് ഭരണാനുമതി പുതുക്കി നൽകാറുണ്ട്. 2018, 2019 വർഷങ്ങളിലെ പ്രളയം, പൊതു തെരഞ്ഞെടുപ്പുകൾ, കോവിഡ് മഹാമാരി |

| | | | |
|---|---|---|---|
| | | | എന്നിവ മൂലം ഒട്ടേറെ പ്രവൃത്തികൾക്ക് സമയബന്ധിതമായി കരാറിലേർപ്പെടാനോ തുടർനടപടികൾ സ്വീകരിക്കാനോ സാധിക്കാത്ത സാഹചര്യത്തിൽ 2019 ഏപ്രിൽ 1 മുതൽ 2021 മേയ് 31 വരെ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് കരാറിൽ ഏർപ്പെടുന്നതിന് 2021 ഡിസംബർ 31-വരെ സമയം നൽകിയിട്ടുണ്ട്. കരാർ വയ്ക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആറു മാസത്തെ സമയവും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം റോഡുകളുടെ പുനരുദ്ധാരണം സുഗമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ